**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 124** **23-08-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.സംസ്ഥാനത്തെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ചിനു കീഴിൽ ഒരു സാമ്പത്തികകുറ്റകൃത്യ വിഭാഗം (Economic Offence Wing) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പണമിടപാടുകളും കടമെടുപ്പുകളും ഇൻഷ്വറൻസുകളും ധന മാനേജ്മെന്റും ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സുരക്ഷ ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്.ഡിജിറ്റൽ പ്ളാറ്റ് ഫോമുകൾ വഴിയുള്ള പണമിടപാടുകളിൽ എർപ്പെടുമ്പോൾ സുരക്ഷയുടെ ഭാഗമായി സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് പോലീസിലെ സൈബർ വിഭാഗത്തിൻെറയും സോഷ്യൽ മീഡിയ സെല്ലിൻെറയും സഹായത്തോടെ ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. |
| (സി) | അനധികൃത നിക്ഷേപ പദ്ധതികളെ കുറിച്ചുള്ള പ്രചാരണങ്ങളും പരസ്യങ്ങളും കർശനമായി നിരീക്ഷിക്കുന്നതിനും തട്ടിപ്പ് തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ച് റിപ്പോർട്ടാകുന്ന പരാതികളിന്മേൽ നിലവിലുള്ള നിയമങ്ങളിലെ വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | സാമ്പത്തിക കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി പോലീസിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമ്പത്തികകുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇതിനായി പോലീസ് ഇൻസ്പെക്ടർ ജനറൽ -1, പോലീസ് സൂപ്രണ്ട്-4, ഡി.വൈ. എസ്.പി-11, ഇൻസ്പെക്ടർ-19, എസ്.ഐ-29, എസ്.സി.പി.ഒ-73, സി.പി.ഒ-73,ഡ്രൈവർ-16,സീനിയർ സൂപ്രണ്ട്-1,ജൂനിയർ സൂപ്രണ്ട് -1,സീനിയർ ക്ളാർക്ക്-2,ക്ളാർക്ക് -2, സി.എ -1 എന്നിങ്ങനെ 233 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിവിധ ഡിജിറ്റൽ പ്ളാറ്റ് ഫോമുകളിലൂടെ സുഗമമാക്കിയ ഈ- |

| | | | |
|---|---|---|---|
| | | | കൊമോഴ്സിൻെറയും കമ്പോള സമ്പദ് വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൽപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ദ്യം നേടിയ അന്വേഷണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ശാസ്ത്രീയവും കാര്യക്ഷമവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുൻപിൽ കൊണ്ടുവരുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുമാണ് സാമ്പത്തിക കുറ്റകൃത്യവിഭാഗം രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ